"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6554/2025-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-10-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>സർക്കുലർ</u>

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്. 2025-നവംബർ 1- അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് -മാർഗ്ഗനിർദേശങ്ങൾ- സംബന്ധിച്ച്:-

സൂചന:-

വനിത ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ പ്രി സ്കൂൾ കുട്ടികളുടെ എൻറോൾമെൻറ് വർദ്ധിപ്പിക്കുക, കുട്ടികളുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിൽ അങ്കണവാടികൾക്കുള്ള പ്രാധാന്യം , അങ്കണവാടികളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും എല്ലാ വർഷവും ജൂൺ, നവംബർ മാസങ്ങളിലെ ആദ്യത്തെ പ്രവർത്തി ദിവസങ്ങളിൽ പ്രവേശനോൽസവം സംഘടിപ്പിക്കാറുണ്ട്. 2025 നവംബർ 1 ന് അങ്കണവാടികളിൽ പൊതുജന പങ്കാളിത്തത്തോടെ പ്രവേശനോത്സവം സംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനു ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

അങ്കണവാടിയിൽ ALMSC ചേർന്നു പ്രവേശനോത്സവം നടത്തിപ്പ്, പ്രവേശനോത്സവ മുന്നൊരുക്ക പ്രവർത്തനങ്ങൾ, പ്രതീക്ഷിത കുട്ടികളുടെ ഭവനസന്ദർശനം, പ്രവേശനോത്സവത്തോടനുബന്ധിച്ച കുട്ടികളെ സ്വീകരിക്കേണ്ടത് എന്നിവ സംബന്ധിച്ച് ചർച്ച ചെയത് തീരുമാനിക്കേണ്ടതാണ്. അങ്കണവാടി പ്രവർത്തകരും ALMSC അംഗങ്ങളും ചേർന്ന് പ്രവേശനം നേടേണ്ട കുട്ടികളുടെ ഭവന സന്ദർശനം നടത്തേണ്ടതും രക്ഷകർത്താക്കളെയും കുഞ്ഞുങ്ങളെയും കണ്ട് പ്രീസ്കൂൾ പ്രവേശനം ഉറപ്പ് വരുത്തേണ്ടതുമാണ്. ഭവനസന്ദർശനവേളയിൽ അഥിതി തൊഴിലാളികളുടെ കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ALMSC അംഗങ്ങൾ, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ അങ്കണവാടിയും പരിസരവും വൃത്തിയാക്കേണ്ടതും പ്രവേശനോത്സവദിവസം അങ്കണവാടി ആകർഷണീയമായ രീതിയിൽ അലങ്കരിക്കേണ്ടതുമാണ്. പ്രവേശനോത്സവത്തിനു ആവശ്യം വരുന്ന ചെലവുകൾ ALMSCയുടെ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.

കൂടാതെ, പ്രവേശനോൽസവത്തോടനുബന്ധിച്ച പുതിയതായി അങ്കണവാടിയിൽ എത്തിച്ചേരുന്ന കരുന്നുകൾക്കും നിലവിൽ പഠിച്ചു വരുന്ന കുട്ടികൾക്കും അവരുടെ പ്രായത്തിനനുയോജ്യമായ അങ്കണപ്പൂമഴ പ്രായാനുസൃത പ്രവർത്തന പുസ്തകങ്ങൾ നൽകി തീം പ്രവർത്തനങ്ങളിൽ പരിശീലനം നൽകേണ്ടതാണ്.

2025 നവംബർ 1 ന അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിച്ച ശേഷം ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ നവംബർ 16 നകം wcdicdsb2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

ശിശുവികസന പദ്ധതി ഓഫീസർമാർക്കും